പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3213      19-06-2019-ന് മറുപടിയ്ക്ക്

## കോട്ടയം ജില്ലയിലെ വെങ്ങായിവാക പുതിയകരി പാടശേഖരത്തിന്റെ അടിസ്ഥാനസൗകര്യ വികസനം

**ചോദ്യം** — ശ്രീ. മോൻസ് ജോസഫ്

**ഉത്തരം** — ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോട്ടയം ജില്ലയിൽ മാഞ്ഞൂർ കൃഷിഭവന്റെ കീഴിലുള്ള വെങ്ങായിവാക പുതിയകരി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച് 08/12/2018 ൽ കൃഷി വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കേരള ഭൂവികസന കോർപ്പറേഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) & (ബി) | കോട്ടയം ജില്ലയിൽ മാഞ്ഞൂർ കൃഷിഭവന്റെ കീഴിലുള്ള വെങ്ങായിവാക പുതിയകരി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച് അഡ്വക്കേറ്റ് മോൻസ് ജോസഫ് എം.എൽ.എ കൃഷി വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ തുടർനടപടി സ്വീകരിക്കുവാൻ കേരള ഭൂവികസന കോർപ്പറേഷനോട് (KLDC) ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി രാഷ്ട്രീയ കൃഷിവികാസ് യോജന (RKVY) നിയമാവലിക്കനുസരിച്ച് പദ്ധതിക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനുള്ള നടപടികൾ KLDC സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ പ്രോജക്ട് സംബന്ധിച്ച തുടർനടപടികൾക്ക് കാർഷികോത്പാദന കമ്മീഷണർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ